# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - തിരുവനന്തപുരം ജില്ല - പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ലയിലെ സീനിയർ ക്ലാർക്കുമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വ്യാജ ഉത്തരവ് ചമച്ചത് സംബന്ധിച്ച് സീനിയർ ക്ലാർക്ക്, ശ്രീ. സമീർഖാൻ. എ, ഓഫീസ് അറ്റൻഡന്റ് ശ്രീ. രതീഷ് മോഹൻ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസപെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.07.2017 ലെ ഡി-8541/17 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ ഡി3- 25914/2017 തീയതി: 17.08.2017

തിരുവനന്തപുരം ജില്ലയിലെ സീനിയർ ക്ലാർക്കുമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ വ്യാജ ഉത്തരവ് പെരിങ്ങമല ഗ്രാമപഞ്ചായത്ത് ആഫീസ് കമ്പ്യൂട്ടറിൽ തയ്യാറാക്കി ടി ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. സമീർഖാൻ. എ, ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. രതീഷ് മോഹൻ എന്നിവർ വാട്ട്സ്ആപ് വഴി പ്രചരിപ്പിച്ചതായി പരാമർശ പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മേലധികാരി യുടെ പേരിൽ വ്യാജ രേഖ ചമച്ച് പ്രസിദ്ധീകരിച്ചത് വഴി മേൽജീവനക്കാർ ഇൻഡ്യൻ ശിക്ഷാ നിയമം സെക്ഷൻ 463, 464 പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തതായും 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 62, 63 എന്നിവയ്ക്കു വിരുദ്ധമായി പെരുമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച ഗുരുതരമായ നിയമലംഘനത്തിലും കൃത്യവിലോപത്തിനും അച്ചടക്ക ലംഘനത്തിനും ഉത്തരവാദികളായ പെരിങ്ങമല ഗ്രാമപഞ്ചായത്ത് മുൻ സീനിയർ ക്ലാർക്ക് ശ്രീ. സമീർഖാൻ. എ (നിലവിൽ നാവായിക്കുളം ഗ്രാമപഞ്ചായത്ത്), ഓഫീസ് അറ്റൻഡന്റ് ശ്രീ. രതീഷ് മോഹൻ (നിലവിൽ വെട്ടൂർ ഗ്രാമപഞ്ചായത്ത്) എന്നിവരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം) അച്ചടക്ക നടപടികൾക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. സമീർഖാൻ.എ, രതീഷ് മോഹൻ എന്നിവർക്ക് നിയമാനുസരണമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

വി. രതീശൻ , ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

(1) ശ്രീ. സമീർഖാൻ. എ, സീനിയർ ക്ലാർക്ക്
നാവായിക്കുളം ഗ്രാമപഞ്ചായത്ത്
(തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

(2) ശ്രീ. രതീഷ് മോഹൻ (ഓഫീസ് അറ്റൻഡന്റ് )
വെട്ടൂർ ഗ്രാമപഞ്ചായത്ത്
(തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:

(1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
(ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
(2) സെക്രട്ടറി, നാവായിക്കുളം/വെട്ടൂർ ഗ്രാമപഞ്ചായത്ത്
(3) സൂപ്രണ്ട് - ഇ-സെക്ഷൻ
(4) കരുതൽ/അധികം

ലി/16/8